# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.06.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) വികസിത ഭാരതം എന്ന ലക്ഷ്യത്തിലെത്താൻ ഗോത്ര വിഭാഗത്തിൻറെ ഉന്നമനം അനിവാര്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says the upliftment of tribal communities is essential to achieving the goal of a developed India.**

2) സംസ്ഥാന സർക്കാർ ജീവനക്കാരെ ചട്ടവിരുദ്ധമായി സ്ഥലം മാറ്റുന്നുവെന്ന് ചൂണ്ടിക്കാട്ടി നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. വ്യവസ്ഥകൾക്ക് വിധേയമായാണ് സ്ഥലംമാറ്റമെന്ന് മന്ത്രി സണ്ണി ജോസഫ്.

   **Opposition stages a walkout in the Kerala Assembly, alleging illegal transfers of state government employees; Minister Sunny Joseph says the transfers are being carried out in accordance with prescribed norms.**

3) കർണാടക മുഖ്യമന്ത്രിയായി മുതിർന്ന കോൺഗ്രസ് നേതാവ് ഡി.കെ. ശിവകുമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.

   **Senior Congress leader D.K. Shivakumar will be sworn in as the Chief Minister of Karnataka today.**

4) ദേശീയ പഞ്ചായത്ത് അവാർഡുകൾ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.

   **Union Minister Rajiv Ranjan Singh will present the National Panchayat Awards in New Delhi today.**

5) ഡൽഹിയിലെ മാളവ്യ നഗറിൽ ഹോട്ടലിൽ ഉണ്ടായ തീപിടുത്തത്തിൽ 20 മരണം. രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു.

   **Twenty people were killed in a hotel fire in Delhi's Malviya Nagar; rescue operations are underway.**

6) പശ്ചിമേഷ്യയിൽ താൽക്കാലിക വെടിനിർത്തൽ പ്രതിസന്ധിയിലാക്കി യു.എസ് - ഇറാൻ സൈനിക സംഘർഷം രൂക്ഷമാകുന്നു

**US-Iran military tensions intensify, putting the temporary ceasefire in West Asia at risk.**

7) കേരളത്തിൽ കാലവർഷം നാളെയോടെ എത്തിച്ചേരാൻ സാധ്യതയുയെന്ന് കാലാവസ്ഥാ വകുപ്പ്. സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യത.

**The India Meteorological Department says conditions are becoming favourable for the onset of the southwest monsoon over Kerala by tomorrow; heavy to very heavy rainfall is likely across the state.**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**വാർത്തകൾ വിശദമായി............**

## PREZ/DDLIVE

വികസിത ഭാരതം 2047 എന്ന ലക്ഷ്യത്തിലെത്താൻ ഗോത്ര വിഭാഗത്തിൻറെ ഉന്നമനം അനിവാര്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഗോത്രകാര്യ മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ദേശീയകോൺക്ലേവിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. ഗോത്രവിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കാൻ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ അവരിൽ എത്തുന്നുണ്ടെന്ന് ബന്ധപ്പെട്ട അധികൃതർഉറപ്പാക്കാണമെന്നും രാഷ്ട്രപതി പറഞ്ഞു. 2026 ലെ ജൻ ജാതിയ ഗരിമ ഉത്സവത്തിന്റെ ഭാഗമായാണ് പരിപാടി നടക്കുന്നത്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## NIYAMASABHA- (INTRO)

*സംസ്ഥാന സർക്കാർ ജീവനക്കാരെ ചട്ടവിരുദ്ധമായി സ്ഥലം മാറ്റുന്നുവെന്ന് ചൂണ്ടിക്കാട്ടി നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോയത്.കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്....*

(ഹോൾഡ്....)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## STATE BUDGET

മുഖ്യമന്ത്രി വി ഡി സതീശൻറെ നേതൃത്വത്തിലുള്ള യു ഡി എഫ് സർക്കാരിൻറെ ആദ്യ ബജറ്റ് ഈ മാസം 19 ന്. ധനവകുപ്പിൻറെ ചുമതല കൂടി വഹിക്കുന്ന മുഖ്യമന്ത്രി, ബജറ്റ് നിയമസഭയിൽ അവതരിപ്പിക്കും. ജൂൺ 22 മുതൽ സഭയിൽ ബജറ്റിന്മേലുള്ള പൊതുചർച്ച നടക്കും. ജൂലൈ ഒന്നിന് ധനവിനിയോഗ ബിൽ സഭയിൽ അവതരിപ്പിക്കും .

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## VENEZUELA PREZ VISIT

വെനിസ്വേലിയൻ ഇടക്കാല പ്രസിഡൻ്റ് ഡെൽസി റോഡ്രിഗസ് അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. മന്ത്രിമാർ ഉൾപ്പെടുന്ന ഉന്നതതല പ്രതിനിധി സംഘവും പ്രസിഡൻ്റിനെ അനുഗമിക്കുന്നുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഡെൽസി റോഡ്രിഗസ് ഉഭയകക്ഷി ചർച്ചകൾ നടത്തും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## DK SHIVAKUMAR

കർണാടക മുഖ്യമന്ത്രിയായി മുതിർന്ന കോൺഗ്രസ് നേതാവ് ഡി.കെ. ശിവകുമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ബെംഗളൂരു ലോക് ഭവനിൽ വൈകുന്നേരം നാല് മണിക്ക് നടക്കുന്ന ചടങ്ങിൽ ഗവർണർ താവർചന്ദ് ഗെലോട്ട് സത്യവാചകം ചൊല്ലിക്കൊടുക്കും. സിദ്ധരാമയ്യ മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചതിനെ തുടർന്നാണ് ഉപമുഖ്യമന്ത്രിയായിരുന്ന ഡി.കെ. ശിവകുമാർ ഈ പദവിയിലേക്ക് എത്തുന്നത്. മുതിർന്ന കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, മല്ലികാർജുൻ ഖർഗേ, കെ.സി വേണുഗോപാൽ തുടങ്ങിയവർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## CBSE - RE EVALUTION

സി.ബി.എസ്.ഇ 12-ആം ക്ലാസ് പുനർമൂല്യനിർണ്ണയത്തിനായി, 40,000 ത്തോളം വിദ്യാർത്ഥികൾ ഇതുവരെ അപേക്ഷകൾ സമർപ്പിച്ചതായും, അപേക്ഷാ പ്രക്രിയയിൽ യാതൊരു പ്രശ്നങ്ങളും നേരിട്ടില്ലെന്നും CBSE അറിയിച്ചു. പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥികളുടെ ഉത്തരകടലാസിന്റെ സ്കാൻ ചെയ്ത പകർപ്പുകളിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പുനർമൂല്യനിർണ്ണയത്തിനുമായി CBSE ഇന്നലെയാണ് ഓൺലൈൻ പോർട്ടൽ തുറന്നത്. ജൂൺ ആറ് വരെ പുനർമൂല്യനിർണ്ണയത്തിനായി അപേക്ഷിക്കാം. മൂല്യനിർണ്ണയം നടത്തിയ ഉത്തരകടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ ലഭിച്ച വിദ്യാർത്ഥികൾക്കാണ് ഈ സൗകര്യം പ്രയോജനപ്പെടുത്താൻ സാധിക്കുക.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## DELHI FIRE

ഡൽഹിയിലെ മാളവ്യ നഗറിൽ ഹോട്ടലിൽ ഉണ്ടായ തീപിടുത്തത്തിൽ 20 മരണം. മരണ സംഖ്യ ഇനിയും ഉയരാൻ സാധ്യതയുണ്ട് . രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. 37-ഓളം പേരെ സംഭവസ്ഥലത്തു നിന്നും രക്ഷപ്പെടുത്തിയതായി അധികൃതർ അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി അപകടത്തിൽ അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും സഹായധനം നൽകുമെന്ന് പ്രധാനമന്ത്രി അറിയിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## US-IRAN CLASH

പശ്ചിമേഷ്യയിൽ താൽക്കാലിക വെടിനിർത്തൽ പ്രതിസന്ധിയിലാക്കി യു.എസ് - ഇറാൻ സൈനിക സംഘർഷം വീണ്ടും രൂക്ഷമാകുന്നു.

ബഹ്റൈനിലെ യു.എസ് നാവികസേനാ ആസ്ഥാനത്തിനും കുവൈറ്റിലെ വ്യോമതാവളത്തിനും നേരെ ഇറാൻ വൻതോതിൽ മിസൈൽ-ഡ്രോൺ ആക്രമണങ്ങൾ നടത്തി. ഇറാനിയൻ സൈനിക താവളത്തിന് നേരെ അമേരിക്കൻ സേന ആക്രമണം നടത്തിയതിന് പിന്നാലെയാണ് ഇറാൻറെ തിരിച്ചടി . ഇറാൻ തുറമുഖത്തേക്ക് വരികയായിരുന്ന ഓയിൽ ടാങ്കറിന് നേർക്ക് അമേരിക്ക മിസൈൽ ആക്രമണം നടത്തിയതാണ് സംഘർഷങ്ങൾക്ക് തുടക്കമിട്ടത്. ഖെഷം ദ്വീപിലെ ഐ.ആർ.ജി.സി കേന്ദ്രത്തിന് നേരെയും യുഎസ് ആക്രമണം നടത്തി. ഇതിന് മറുപടിയായി ബഹ്റൈനിലെ അമേരിക്കൻ അഞ്ചാം കപ്പൽപ്പട ആസ്ഥാനത്തിന് നേരെ ഇറാൻ ആക്രമണം നടത്തിയതായും റിപ്പോർട്ടുകളുണ്ട്. അതേസമയം, ഇറാനുമായുള്ള നയതന്ത്ര ചർച്ചകൾ തുടരുകയാണെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് വ്യക്തമാക്കി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## NATIONAL PANCHAYAT AWARD

2025 ലെ ദേശീയ പഞ്ചായത്ത് അവാർഡുകൾ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. രാജ്യത്തെ 42 മികച്ച പഞ്ചായത്തുകൾക്കാണ് പുരസ്കാരങ്ങൾ സമ്മാനിക്കുക. കേരളത്തിൽ നിന്നുള്ള നിരണം, ഒറ്റൂർ, മേലുകാവ് ഗ്രാമപഞ്ചായത്തുകൾക്കും, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിനും വിവിധ വിഭാഗങ്ങളിൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## MANDAVIYA - WORLD BICYCLE DAY (INTRO)

*രാജ്യത്തെ യുവാക്കൾ സൈക്കിളിൻറെ ഉപയോഗം കൂടുതൽ പ്രയോജനപ്പെടുത്തി, ആരോഗ്യകരമായ രാഷ്ട്രത്തിന് നേതൃത്വം നൽകണമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ. സൈക്ലിംഗ് ശീലമാക്കുന്നതിലൂടെ സന്തുലിതമായ ജീവിതശൈലി ഉറപ്പാക്കാൻ സാധിക്കുമെന്നും ലോക ബൈസിക്കിൾ ദിനത്തിൽ നൽകിയ വീഡിയോ സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു.*

(ഹോൾഡ് വോയിസ്.....)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## WPI

മൊത്തവില സൂചിക ക്രമേണ നിർത്തലാക്കി, പകരം സമഗ്ര ഉൽപാദക വില സൂചിക സംവിധാനം കൊണ്ടുവരാൻ തീരുമാനിച്ച് കേന്ദ്ര സർക്കാർ. രാജ്യത്തെ പണപ്പെരുപ്പ, വിലനിർണ്ണയ സംവിധാനത്തെ, അന്താരാഷ്ട്ര രീതികൾക്ക് അനുസൃതമായി ആധുനികവൽക്കരിക്കാൻ വേണ്ടിയാണ് ഈ നടപടി. മൊത്തവില സൂചികയുടെ അടിസ്ഥാന വർഷം 2011-12 ൽ നിന്ന്, 2022-23 ആയി പരിഷ്ക്കരിക്കാൻ സർക്കാർ അനുമതി നൽകിയതായും, കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## PRAHLAD - SOLAR ENEGRY

വാർഷിക സൗരോർജ്ജ ശേഷി വർദ്ധനവിൽ അമേരിക്കയെ മറികടന്ന് ഇന്ത്യ. നയപരമായ സഹായങ്ങളും, നവീകരണവുമാണ് ഈ റെക്കോർഡ് നേട്ടത്തിന് പിന്നിലെന്ന് കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രി പ്രഹ്ലാദ് ജോഷി വ്യക്തമാക്കി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## RAIN- KERALA

സംസ്ഥാനത്ത് ശക്തമായ മഴ തുടരും. കാലവർഷം നാളെയോടെ സംസ്ഥാനത്ത് എത്തിച്ചേരാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ആലപ്പുഴ മുതൽ തൃശ്ശൂർ വരെ നാലു ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## MORN. INDIA-GERMANY TRANSIT VISA

ഇന്ത്യക്കാർക്ക് ഇനി ജർമ്മനിയിലൂടെ ട്രാൻസിറ്റ് വീസയില്ലാതെ യാത്ര ചെയ്യാം. ജർമ്മനിയിലെ വിമാനത്താവളങ്ങൾ വഴി യാത്ര ചെയ്യുന്ന ഇന്ത്യക്കാർക്ക് ട്രാൻസിറ്റ് വീസ നിബന്ധന ഒഴിവാക്കിക്കൊണ്ടുള്ള ജർമ്മൻ സർക്കാരിന്റെ തീരുമാനം ഇന്നുമുതൽ പ്രാബല്യത്തിൽ വന്നു. തീരുമാനത്തെ വിദേശകാര്യ മന്ത്രാലയം സ്വാഗതം ചെയ്തു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## UNGA-PRESIDENT-ELECT-RAHMAN

ഐക്യരാഷ്ട്രസഭ പൊതുസഭയുടെ 81-ാമത് സമ്മേളനം ബംഗ്ലാദേശ് വിദേശകാര്യ മന്ത്രി ഖലീലുർ റഹ്മാനെ പ്രസിഡൻറായി തിരഞ്ഞെടുത്തു. ഒരു വർഷ കാലയളവിലേക്കാണ് ചുമതല. സൈപ്രസിൻറെ പ്രത്യേക പ്രതിനിധി ആൻഡ്രിയാസ് കക്കൗറിസിനെയാണ് വോട്ടെടുപ്പിൽ ഖലീലുർ റഹ്മാൻ പരാജയപ്പെടുത്തിയത്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## BRICS-MEETING

ബ്രിക്സ് ദുരന്തസാധ്യത ലഘൂകരണ പ്രവർത്തകസമിതിയുടെ ആദ്യ യോഗം ഇന്ന് ഒഡീഷയിലെ പുരിയിൽ ആരംഭിക്കും. മൂന്ന് ദിവസത്തെ യോഗത്തിൽ ബ്രിക്സ് അംഗ രാജ്യങ്ങളിൽ നിന്നും പങ്കാളിത്ത രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## SURESH GOPI - AIIMS

ഇന്ധന വില വർദ്ധനവിൽ സംസ്ഥാന സർക്കാർ നികുതി കുറയ്ക്കുന്നതിന് തയ്യാറാകണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കേന്ദ്ര സർക്കാർ, നികുതി കുറയ്ക്കാൻ നേരത്തെ തയ്യാറായിരുന്നു.

യുദ്ധസാഹചര്യം മാറി ക്രൂഡ് ഓയിൽ വില കുറഞ്ഞാൽ എണ്ണ കമ്പനികളോട് വില കുറയ്ക്കണമെന്ന് ആവശ്യപ്പെടുമെന്നും അദ്ദേഹം തൃശ്ശൂരിൽ പറഞ്ഞു. കേരളത്തിൽ എയിംസ് എവിടെ വന്നാലും സ്വീകരിക്കുമെന്ന ആരോഗ്യ മന്ത്രിയുടെ നിലപാടിനെ സ്വാഗതം ചെയ്യുന്നതായും ശ്രീ സുരേഷ് ഗോപി അറിയിച്ചു.